പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

31/01/2018-ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിട്ട

ചോദ്യം നം. *132

## ലൈഫ് മിഷൻ പദ്ധതി

| ചോദ്യം<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ. ജി.എസ്. ജയലാൽ<br>ശ്രീ. കെ. രാജൻ<br>ശ്രീമതി സി.കെ. ആശ | | മറുപടി<br>ശ്രീ.കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ലൈഫ് മിഷൻ പദ്ധതി വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | സംസ്ഥാനത്തെ ഭവനരഹിതരെ ഭവന ഉടമകളാക്കി മാറ്റുന്നതിന് ഈ പദ്ധതി എത്രത്തോളം വിജയിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ എല്ലാ ഭവന രഹിതർക്കും സുരക്ഷിതമായ ഭവനം നൽകുകയാണ് ലൈഫ് മിഷന്റെ ലക്ഷ്യം. ആദ്യഘട്ടത്തിൽ (2017-18) പൂർത്തീകരിക്കാത്ത 66,750 ഭവനരഹിതരുടെ ഭവനങ്ങൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. 2018-19 മുതൽ ഭവനരഹിതരായ 5,15,620 പേർക്ക് ഭവനം നൽകുന്നതിനാണ് മിഷൻ ലക്ഷ്യമിടുന്നത്. ഭൂമിയുള്ള ഭവനരഹിതരായ 1,74,875 പേർക്ക് 4 ലക്ഷം രൂപ വീതം ധനസഹായം നൽകി ഭവനത്തിന് ഉടമകളാക്കുന്നതിനും, ഭൂരഹിത ഭവനരഹിതർക്കായി ഭവന സമുച്ചയങ്ങളിൽ ഭവനം നൽകുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. ഇതിനായി ഗുണഭോക്താക്കളെ കണ്ടെത്തുന്ന നടപടി അന്തിമഘട്ടത്തിലാണ്. മിഷൻ പ്രവർത്തനം ആരംഭഘട്ടത്തിലാണ്. അടുത്ത 4 വർഷം കൊണ്ട് മാത്രമേ ലക്ഷ്യം പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ. മിഷന്റെ പ്രവർത്തനം അവസാന ഘട്ടത്തിൽ/ അവസാനിക്കുമ്പോൾ മാത്രമേ പദ്ധതി വിജയകരമായിരുന്നുവെന്ന് വിലയിരുത്താൻ കഴിയുകയുള്ളൂ. |
| (സി) | നിലവിലെ ഗുണഭോക്തൃ പട്ടികയിൽ ഒഴിവാക്കപ്പെട്ട അർഹരായവർക്ക് പദ്ധതിയുടെ ആനുകൂല്യം ഏതുതരത്തിൽ ലഭ്യമാകുമെന്ന് അറിയിക്കുമോ; | (സി) | അർഹതയുള്ള എല്ലാവരെയും ഉൾക്കൊള്ളിക്കാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും ജില്ലാതലത്തിലും അർഹരായവർ വിട്ടുപോയിട്ടുള്ള പക്ഷം കൂട്ടിച്ചേർക്കുന്നതിന് അവസരം ഉണ്ടായിരുന്നു. അർഹരായ ആരെങ്കിലും ഇനിയും ഒഴിവാക്കപ്പെട്ട പോയിട്ടുണ്ടെങ്കിൽ അവരെ ഉൾക്കൊള്ളിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | പദ്ധതിയുടെ രണ്ടാംഘട്ടത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ? | (ഡി) | പദ്ധതിയുടെ ആദ്യഘട്ടത്തിൽ പണി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളായ 66750 പേർക്ക് ഭവനം പൂർത്തീകരിക്കുന്നതിനുള്ള ധന സഹായം ലഭ്യമാക്കി ഭവനം പൂർത്തീകരിക്കുക എന്നതാണ് ലക്ഷ്യമാക്കിയിരുന്നത്. രണ്ടാംഘട്ടത്തിൽ, ഭവന രഹിതരായ എല്ലാവർക്കും ഭവനം നൽകുക എന്നതാണ് ലക്ഷ്യം. സർവ്വേയിലൂടെ കണ്ടെത്തിയിട്ടുള്ള ഭൂമിയുള്ള 1,74,875 പേർക്ക്, ഭവന നിർമ്മാണത്തിനായി 4 ലക്ഷം രൂപ ധന സഹായം നൽകുന്നതാണ്. കൂടാതെ ഭൂരഹിതരായ 3,40,745 പേർക്ക് ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് അതിൽ ഭവനം നൽകുന്നതിനോടൊപ്പം ഭൂമി കുറഞ്ഞ വിലക്ക് ലഭ്യമാകുന്നിടത്ത് ഭൂമി ലഭ്യമാക്കി ഭവന ധനസഹായം ലഭ്യമാക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ